**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1232** **12-02-2025 - ൽ മറുപടിയ്ക്ക്**

**റോഡുകളിലെ അപകട വളവുകൾ നിവർത്തുന്നതിനും ആവശ്യമായ ക്രാഷ് ബാരിയറുകൾ സ്ഥാപിക്കുന്നതിനും ഉള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന റോഡുകളിലെ അപകട വളവുകൾ നിവർത്തുന്നതിനും ആവശ്യമായ ക്രാഷ് ബാരിയറുകൾ സ്ഥാപിക്കുന്നതിനും ട്രാഫിക്ക് സുഗമമാക്കുന്നതിനുമുതകുന്ന തരത്തിലുള്ള എല്ലാ സുരക്ഷാ സംവിധാനങ്ങളും റോഡ് ഡിസൈനിൽ ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന റോഡ് അലൈൻമെന്റുകളിൽ IRC മാനദണ്ഡങ്ങൾ പ്രകാരമാണ് വളവുകൾ ഡിസൈൻ ചെയ്യുന്നത്. കൂടാതെ, DPR – ൽ ക്രാഷ്ബാരിയർ ഉൾപ്പെടെയുള്ള ട്രാഫിക് സുരക്ഷാമാനദണ്ഡങ്ങൾ ഉൾപ്പെടുത്തുകയും, അതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തുകയും ചെയ്യുന്നുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിനായി കെ.ആർ.എഫ്.ബി.യെ ചുമതലപ്പെടുത്തിയ റോഡുകളിൽ സ്ഥലലഭ്യത അനുസരിച്ച് അപകടകരമായ വളവുകൾ നികത്തുന്നതിനും ക്രാഷ് ബാരിയർ അടക്കമുള്ള സുരക്ഷാസംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടവളവുകൾ നിവർത്തുന്നതിനായി സ്ഥലം ഏറ്റെടുക്കൽ ആവശ്യമാണ്. RKI പദ്ധതി പ്രകാരം കെ.എസ്.റ്റി.പി. നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവർത്തികളിൽ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥലം ഏറ്റെടുത്ത് അപകട വളവുകൾ നിവർത്തുന്ന പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാറില്ല. മറ്റ് സുരക്ഷാ സംവിധാനങ്ങൾ കെ.എസ്.റ്റി.പി. നടപ്പിലാക്കുന്ന പ്രവർത്തികളിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. റോഡ് നിർമ്മാണവേളയിൽ IRC മാനദണ്ഡങ്ങൾ പാലിച്ചും കൂടാതെ റോഡിൽ സുരക്ഷാ ക്രമീകരണങ്ങൾക്കായി എസ്റ്റിമേറ്റ് തുകയുടെ 5% - ത്തിൽ കുറയാത്ത തുക വകകൊളളിച്ചും ആണ് പ്രവൃത്തി ക്രമീകരിച്ച് നടപ്പിലാക്കി വരുന്നത്. ഇത് റോഡ് നിർമ്മാണ വേളയിൽ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയും റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | റോഡിന്റെ ഡിസൈനിലെ അപാകതകൾ മൂലവും അറ്റകുറ്റപണികൾ യഥാസമയം നടത്താത്തത് മൂലവും സുരക്ഷാ സംവിധാനങ്ങൾ ലഭ്യമാക്കാത്തത് മൂലവും സംഭവിക്കുന്ന റോഡ് അപകടങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ കൂടി പ്രതിചേർക്കുന്ന തരത്തിൽ റോഡ് സുരക്ഷ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന റോഡ് അലൈൻമെന്റുകളിൽ IRC മാനദണ്ഡങ്ങൾ പ്രകാരമാണ് വളവുകൾ ഡിസൈൻ ചെയ്യുന്നത്. കൂടാതെ, DPR – ൽ ക്രാഷ്ബാരിയർ ഉൾപ്പെടെയുള്ള ട്രാഫിക് സുരക്ഷാമാനദണ്ഡങ്ങൾ ഉൾപ്പെടുത്തുകയും, അതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്തുകയും ചെയ്യുന്നുണ്ട്. കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിനായി കെ.ആർ.എഫ്.ബി.യെ ചുമതലപ്പെടുത്തിയ റോഡുകളിൽ സ്ഥലലഭ്യത അനുസരിച്ച് അപകടകരമായ വളവുകൾ നികത്തുന്നതിനും ക്രാഷ് ബാരിയർ അടക്കമുള്ള സുരക്ഷാസംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അപകടവളവുകൾ നിവർത്തുന്നതിനായി സ്ഥലം ഏറ്റെടുക്കൽ ആവശ്യമാണ്. RKI പദ്ധതി പ്രകാരം കെ.എസ്.റ്റി.പി. നടപ്പിലാക്കുന്ന പുനരുദ്ധാരണ പ്രവർത്തികളിൽ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സ്ഥലം ഏറ്റെടുത്ത് അപകട വളവുകൾ നിവർത്തുന്ന പ്രവൃത്തി ഏറ്റെടുക്കാൻ കഴിയാറില്ല. മറ്റ് സുരക്ഷാ സംവിധാനങ്ങൾ കെ.എസ്.റ്റി.പി. നടപ്പിലാക്കുന്ന പ്രവർത്തികളിൽ ഉൾപ്പെടുത്തി വരുന്നുണ്ട്. റോഡ് നിർമ്മാണവേളയിൽ IRC മാനദണ്ഡങ്ങൾ പാലിച്ചും കൂടാതെ റോഡിൽ സുരക്ഷാ ക്രമീകരണങ്ങൾക്കായി എസ്റ്റിമേറ്റ് തുകയുടെ 5% - ത്തിൽ കുറയാത്ത തുക വകകൊള്ളിച്ചും ആണ് പ്രവൃത്തി ക്രമീകരിച്ച് നടപ്പിലാക്കി വരുന്നത്. ഇത് റോഡ് നിർമ്മാണ വേളയിൽ കർശനമായി പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ പദ്ധതികളിൽ ഉൾപ്പെടുത്തിയും റോഡ് സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ